(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്†

(ഇ) പരിശോധിക്കുന്നതാണ്.

പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്കുള്ള തൊഴിൽ പദ്ധതികൾ

136. [136] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, കരകൗശലം, ഖാദി, പനമ്പ് തുടങ്ങി ഓരോ മേഖലയിലും പണിയെടുത്ത് ഉപജീവനം കഴിക്കുന്നവരുടെ എണ്ണം എത്രയാണെന്ന് സർക്കാർ ശേഖരിച്ച ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം വിശദമാക്കാമോ;

(ബി) ഓരോ മേഖലയിലും തൊഴിൽ പൂർണ്ണമായി നഷ്ടപ്പെട്ടവരെത്രയാണ്; ഭാഗികമായി തൊഴിൽ ചെയ്യുന്നവരെത്രയാണ്;

(സി) പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടവർക്കായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കിയവ ഏതെല്ലാമാണെന്നും സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നവ ഏതൊക്കെ പദ്ധതികളാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2004-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

മേഖല	തൊഴിലാളികളുടെ എണ്ണം
കയർ	3,75,000
കൈത്തറി	1,75,000
കശുവണ്ടി	2,23,000
കരകൗശലം	1,59,825
പനമ്പ്	1,00,000
ഖാദി	1,72,000

(ബി) വിവരം ശേഖരിച്ചിട്ടില്ല.

(സി) ചില സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങൾ/എസ്റ്റേറ്റുകൾ പൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ പുനരധിവാസത്തിനായി 2005-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു.എന്നാൽ സർക്കാരിന്റെ സാമ്പത്തിക പരിമിതി കാരണം ഇതു പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര സർക്കാരിന്റെ സഹായത്താൽ ചില പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly